**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തൊൻപതാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006) യുടെ പതിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തൊൻപതാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2004-2006) യുടെ പതിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

764/2019.

# ഉള്ളടക്കം

| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| മുഖവുര | .. vii |
| റിപ്പോർട്ട് | .. I |
| അനുബന്ധം I : | |
| പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ | .. 20 |
| അനുബന്ധം II : | |
| തൃശ്ശൂർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ടെ അന്വേഷണ റിപ്പോർട്ട് | .. 21 |
| അനുബന്ധം III : | |
| സർക്കുലറിന്റെ പകർപ്പ് | .. 25 |
| അനുബന്ധം IV : | |
| ഹൈക്കോടതിവിധിയുടെ പകർപ്പ് | .. 27 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

*ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

*29-5-2019-ൽ നിയമസഭാംഗത്വം രാജിവച്ചു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 39-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) പതിമൂന്നാമത് റിപ്പോർട്ടിലെ (തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 ജൂൺ മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2019 ജൂലൈ 2.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

# റിപ്പോർട്ട്

## അദ്ധ്യായം I

1.1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 13-ാമത് റിപ്പോർട്ടിലെ (തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചത്) ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 13-ാമത് റിപ്പോർട്ട് 2006 ഫെബ്രുവരി 16-ന് സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 16 ശിപാർശകളാണുള്ളത്. എല്ലാ ശിപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്.

1.3 റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടി 12-10-2017, 25-6-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ 9, 15, 22, 80, 86 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് സമിതി അധിക വിവരം ആരാഞ്ഞിരുന്നു. ആയതിൽ 9, 22, 86 എന്നീ ഖണ്ഡികകളിലെ അധിക വിവരം ലഭിച്ചിട്ടില്ല.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിൻമേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിൻമേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും, സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിൻമേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശകളും.**

### ഖണ്ഡിക നമ്പർ 9

### ശിപാർശ

2.1.1 വ്യക്തമായ മാനദണ്ഡങ്ങൾ പാലിക്കാതെ കൂപ്പണുകൾ അച്ചടിച്ചതുവഴി നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണ് നടത്തിയിട്ടുള്ളതെന്നും ചെലവായ കൂപ്പണുകളുടെ വരവ് പഞ്ചായത്തിൽ അടച്ചതായി രേഖയിൽ ഇല്ലെന്നും ആരോപണ വിധേയനായ സെക്രട്ടറിക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയത്

ക്രമവിരുദ്ധമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. വിജിലൻസ് അന്വേഷണം നടത്തിയിട്ടും അതിനെ നോക്കുകുത്തിയാക്കുന്ന രീതിയിൽ അതിലെ ശിപാർശകൾ നടപ്പിലാക്കാൻ വേണ്ട നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. കൂപ്പൺ പിരിവിലൂടെ എത്ര രൂപ സമാഹരിച്ചു എന്നത് സംബന്ധിച്ച് പരിശോധന ആവശ്യമാണെന്ന് സമിതി നിർദ്ദേശിക്കുന്നു. വിജിലൻസ് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഇനി കാലതാമസമുണ്ടാകാതിരിക്കാൻ ഈ സംഭവത്തിന് ഉത്തരവാദിയായവരുടെ പേരിൽ അടിയന്തരമായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ചെലവായ തുകയായ 8150 രൂപ അന്നത്തെ പ്രസിഡന്റിൽ നിന്നും സെക്രട്ടറിയിൽ നിന്നും താഴെപ്പറയുന്ന രീതിയിൽ ഈടാക്കിയിട്ടുണ്ട്. അന്നത്തെ സെക്രട്ടറി ശ്രീമതി രാധമ്മയിൽ നിന്നും ഡി.ഡി.നമ്പർ 636866 തീയതി 10-3-2008 പ്രകാരം 4075 രൂപയും പ്രസിഡന്റിൽ നിന്നും രശീതി നമ്പർ 66/7/7/2000 പ്രകാരം 4000 രൂപയും രശീതി നമ്പർ 76/20/8/2000 പ്രകാരം 75 രൂപയും അടവാക്കിയിട്ടുണ്ട്. നിയമസഭാ സമിതിയുടെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ നിയമസഭാ സമിതിയുടെ തീർപ്പിന് വിധേയമായി ഒഴിവാക്കുന്നതാണെന്നും ഓഡിറ്റിൽ നിന്നും അനന്തര കുറിപ്പിൽ അറിയിച്ചിട്ടുണ്ട്. ഈ വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അന്വേഷിക്കുകയും അതിന്മേൽ ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 1995-1998 കാലഘട്ടത്തിൽ ഉണ്ടായ ഈ സംഭവവുമായി ബന്ധപ്പെട്ട് ചെലവായ തുക തിരിച്ചടച്ചിട്ടുള്ളതും സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലാത്തതുമായതിനാൽ സർവ്വീസിൽ നിന്നും വർഷങ്ങൾക്കുമുമ്പ് പിരിഞ്ഞുപോയ സെക്രട്ടറിക്കും മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനുമെതിരെ ശിപാർശ ചെയ്യപ്പെട്ട പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നത് ഒഴിവാക്കാനും ഖണ്ഡിക ഉപേക്ഷിക്കാനും ബഹു. നിയമസഭാ സമിതിയോട് അഭ്യർത്ഥിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.3 കൂപ്പൺ പ്രിന്റിംഗ് ഇനത്തിൽ ചെലവായ തുക 8150 രൂപ അന്നത്തെ പ്രസിഡന്റ് ശ്രീ. രാജു ഡേവിസ് പെരേപ്പാടൻ, സെക്രട്ടറി ശ്രീമതി രാധമ്മ എന്നിവരിൽ നിന്നും തുല്യമായി (4075 രൂപ വീതം) ഈടാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിജിലൻസ് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 27-11-2014-ലെ യോഗത്തിൽ ചർച്ച നടത്തുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന് സംഭവിച്ച നഷ്ടം ഉത്തരവാദികളായവരിൽ

നിന്നും തിരികെ ഈടാക്കിയതിനാലും സേവനത്തിൽ നിന്ന് വർഷങ്ങൾക്ക് മുൻപ് പിരിഞ്ഞ് പോയവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നത് അനുചിതമാണെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിനാലും നിയമസഭാ സമിതി ശിപാർശ പുനഃപരിശോധിക്കണമെന്ന് അപേക്ഷിക്കുന്നതിന് 27-11-2014-ലെ 6(1) നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് സർക്കാരിലേക്ക് നൽകിയ അപേക്ഷയിന്മേൽ മറുപടി തൃപ്തികരമല്ലെന്ന് സർക്കാർ 8-1-2015-ലെ 27771/എ.സി.2/08 ത.സ്വ.ഭ.വ. കത്ത് പ്രകാരം അറിയിച്ചതിനെത്തുടർന്ന് മുൻ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ നേരിട്ട് ബോധിപ്പിക്കുന്നതിനായി 11-2-2015-ന് ബ്ലോക്ക് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. 5-10-2018-ന് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധന യെത്തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് വീണ്ടും ഇവരോട് വിശദീകരണം ആവശ്യപ്പെട്ട് കത്തയച്ചതിന് ശ്രീ. രാജു ഡേവിസ് പെരേപ്പാടൻ 15-10-2018-നും ശ്രീമതി ടി. കെ. രാധമ്മ 12-10-2018-നും സമർപ്പിച്ച മറുപടികളുടെ പകർപ്പുകൾ ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയിട്ടുണ്ട്. മേൽ മറുപടികളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറോട് 5-10-2018-ലെ എ.1745/2014 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ടെങ്കിലും മറ്റ് പുരോഗതിയൊന്നും ഉണ്ടായിട്ടില്ല.

2.1.4 സ്കൂളുകൾ മുഖേന കൂപ്പൺ പിരിവിലൂടെ സമാഹരിച്ച തുക സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് അയച്ച 18-9-2004-ലെ എ.1049/04 (സെക്രട്ടറി, കേരള സ്റ്റേറ്റ് ലെജിസ്ലേച്ചർ വിംഗ്) 23-9-2006-ലെ സി.1030/06 (ഗ്രാമവികസന കമ്മീഷണർ തിരുവനന്തപുരം), അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ തൃശ്ശൂർ) നമ്പർ കത്തുകൾ പ്രകാരം സ്കൂളുകൾക്ക് നൽകിയ കൂപ്പണുകളുടെ വില 9650 രൂപയും പി.ടി.എ.കളിൽ ലയിപ്പിച്ച തുക 2325 രൂപയുമാണ്. എന്നാൽ ഇതിന്റെ പരിശോധനക്കാവശ്യമായ കൃത്യമായ കണക്കുകളോ, രേഖകളോ പ്രദേശിക പരിശോധനാ വേളയിൽ ഹാജരാക്കിയിട്ടില്ല. മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിയ കൂപ്പണുകളിൽ 6610 രൂപയുടേതൊഴിച്ചുള്ള കൂപ്പണുകൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും കൂപ്പണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 6610 രൂപയുടെ കൂപ്പണുകളോ തത്തുല്യമായ തുകയോ പിന്നീട് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും വ്യക്തമായ വിവരങ്ങൾ നൽകിയിട്ടില്ല.

**തുടർശിപാർശ**

**2.1.5 വിജിലൻസ് റിപ്പോർട്ടിലെ ശിപാർശയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

## ഖണ്ഡിക നമ്പർ 22

### ശിപാർശ

2.2.1 പൂർത്തിയാകാതെ കിടക്കുന്ന ഒരു പ്രോജക്ടിന് തുക മുഴുവൻ നൽകി, ആഡിറ്റ് പരാമർശത്തിന് വിധേയമായിട്ടും അവ്യക്തമായ മറുപടി നൽകി ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന പ്രവണതയാണ് മേലുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള കൃത്യവിലോപത്തിന് വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറും ഒരുപോലെ ഇതിന് ഉത്തരവാദികളാണെന്നും സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ക്ലിപ്തപ്പെടുത്തി വസൂലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു

### സർക്കാർ സ്വീകരിച്ച നടപടി

2.2.2 മാള ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത മേൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൂർത്തീകരണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത 445 മീറ്റർ പൈപ്പിന്റെ ബാക്കി ലെയിംഗും കൂടി ഗ്രാമപഞ്ചായത്ത് പൈപ്പ് അടക്കം ഏറ്റെടുത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.2.3 പദ്ധതിയുടെ നിലവിലെ അവസ്ഥ, അളവ് പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കൽ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നമ്പർ 1/17-11-2013) നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് തടസ്സം നിലനിൽക്കുന്നതാണ്.

### സമിതി ആരാഞ്ഞ അധിക വിവരം

2.2.4 പൂർത്തിയാകാത്ത പ്രോജക്ടിന് മുഴുവൻ തുകയും നൽകിയത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച അധിക വിവരം

2.2.5 ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് തൃശ്ശൂർ ലോക്കൽ ഫണ്ട് ഓഡിറ്റുമായി ബന്ധപ്പെട്ടപ്പോൾ സംസ്ഥാന ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിലാണ് സമർപ്പിക്കേണ്ടതെന്ന് നിർദ്ദേശിച്ചത് പ്രകാരം 4-8-2018-ന് ടി ഓഫീസിൽ നൽകിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.6 (1) മാള ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ പ്രോജക്ട് 2,00,000 രൂപ അടങ്കൽ കണക്കാക്കിയതാണ്. ആയതിന് ലഭിച്ച ടി.എസും ഹാജരാക്കി. എന്നാൽ പദ്ധതി ഭേദഗതി ചെയ്ത് അടങ്കൽ 4.65 ലക്ഷം ആയി വർദ്ധിപ്പിച്ച പ്രോജക്ട് ഫയലിൽ ഇല്ല. പക്ഷേ ആയതിന് BLEC സാങ്കേതികാനുമതി ലഭിച്ചത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

(2) പ്രവൃത്തിയുടെ ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല.

(3) ഗുണഭോക്തൃ സമിതിക്ക് അഡ്വാൻസായി നൽകിയ 11,000 രൂപ വിനിയോഗിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കുകയോ തുക തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൺവീനറിൽ നിന്നും തുക തിരികെ അടവാക്കുന്നതിന് ആവശ്യപ്പെട്ട് അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ 11-9-2006-ലെ എം.2/45/98 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്തൃ സമിതിയുടെ സംയുക്ത അക്കൗണ്ടിൽ ശേഷിച്ചിരുന്ന 19,000 രൂപ പലിശ സഹിതം 26,314 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കിയിട്ടുണ്ട്.

മേൽ പ്രവൃത്തിയിൽ നാളിതുവരെ പൈപ്പിടൽ പൂർത്തിയാക്കിയിട്ടില്ല. വാങ്ങിയ പൈപ്പ് സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി മാള ഗ്രാമപഞ്ചായത്തും മാള ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പാക്കാനാണ് നിശ്ചയിച്ചിരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിൽ 445 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രോജക്ടിൽ പമ്പ്, പമ്പ് ഹൗസ്, ബാക്കി ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയവയുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. 22-5-2014-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറിന് നൽകിയ കത്ത് പ്രകാരം മാള ഗ്രാമപഞ്ചായത്ത് പദ്ധതിക്കായി വാങ്ങിയ മോട്ടോർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. മാത്രമല്ല പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ട പ്ലാൻ, ലേ ഔട്ട്, റൂട്ട് മാപ്പ് സ്ഥലവാസികളുടെ അനുമതിപത്രം എന്നിവയൊന്നും തയ്യാറാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.2.7 ഗുണഭോക്തൃ സമിതിയ്ക്ക് അഡ്വാൻസായി നൽകിയ 11,000 രൂപ വിനിയോഗിച്ചതിന്റെയും തുക തിരിച്ചടച്ചതിന്റെയും രേഖകൾ ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 86

ശിപാർശ

2.3.1 ഇംപ്ലിമെൻറിംഗ് ഏജൻസിയായി പ്രവർത്തിച്ച ബാങ്കുകളിൽ നിന്നുള്ള വിശദാംശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സഹിതം സമിതിക്ക് എല്ലാ ഫയലുകളും സമയബന്ധിതമായി ലഭ്യമാക്കുവാനും വളരെ വിശദമായ ഒരന്വേഷണത്തിനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 പ്രസ്തുത വിഷയം സംബന്ധിച്ച തൃശ്ശൂർ അസിസ്റ്റൻറ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ടെ അന്വേഷണ റിപ്പോർട്ട് അനുബന്ധം ആയി കൊടുത്തിരിക്കുന്നു. (അനുബന്ധം II)

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>

2.3.3 (1) മുന്നാംകാട് കെട്ടുചിറ സ്ലൂയിസ് കം ബ്രിഡ്ജ് എന്ന പദ്ധതിക്കായി വള്ളിവട്ടം സർവ്വീസ് സഹകരണ ബാങ്കിനെ നിർവ്വഹണ ഏജൻസിയാക്കുകയും 20,43,000 രൂപ ബാങ്കിന് കൈമാറുകയും ആയതിൽ നിന്നും 3,27,600 രൂപ SILK-ന് നൽകി. അവശേഷിച്ച 17,15,400 രൂപയും പലിശ 1,97,788 രൂപയും അടക്കം 19,13,188 രൂപയിൽ നിന്ന് കളക്ഷൻ ചാർജ് 5,784 രൂപ കിഴിച്ച് ബാക്കി 19,07,404 രൂപ ചലാൻ നമ്പർ3/24-11-2001 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ അടവാക്കിയതായി പറയുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച ഫയൽ, ജനറൽ പി.ഡി. പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(2) മുഴവഞ്ചേരി തുരുത്തിൽ പാലം നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി എടതിരിഞ്ഞി സർവ്വീസ് സഹകരണ ബാങ്കിന് 12,00,000 രൂപ നല്കി. 2,91,000 രൂപ ചെലവ് ചെയ്തു. ബാക്കി 9,09,000 രൂപയും പലിശയുമടക്കം 9,93,991 രൂപ ചലാൻ നമ്പർ 1651/13-11-2001(5,43,991 രൂപ) ചലാൻ നമ്പർ 247/22-3-2002(4,50,000 രൂപ) എന്നിവ പ്രകാരം തിരികെ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കി. ട്രഷറി ഓഫീസർ ഒപ്പുവച്ച പാസ്സ് ബുക്കിന്റെ ഫോട്ടോ കോപ്പി ഫയലിൽ ഉണ്ട്. ആയതിൽ ടി തുക വരവ് വച്ചിട്ടുണ്ട്. എന്നാൽ ജനറൽ പി.ഡി.ക്യാഷ് ബുക്ക്, ഒറിജിനൽ ട്രഷറി ബുക്ക്, ഒറിജിനൽ ട്രഷറി പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(3) വേളൂക്കര പഞ്ചായത്തിലെ 9 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4 സെന്റ് ഭൂമി വീതം ലഭ്യമാക്കി ഈ ഭൂമിയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സഹായത്തോടുകൂടി വീട് നിർമ്മിച്ച് നല്കുന്നതിന് കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്കിനെ നിർവ്വഹണ ഏജൻസിയാക്കി 1998-99-ൽ സ്ഥലം വാങ്ങുന്നതിന് 2,50,000 രൂപയും 1999-2000 ത്തിൽ ഭവന നിർമ്മാണത്തിന് 1,26,000 രൂപയും നല്കി. 2,42,855 രൂപ നല്കി കല്ലംകുന്ന് ദേശത്ത് സർവ്വേ നമ്പർ 505/2-ൽ കൈതയിൽ കേളു മകൻ സുബ്രഹ്മണ്യനിൽ നിന്നും 50 സെൻറ് സ്ഥലം വാങ്ങി. ബാക്കി വന്ന 7,145 രൂപ ചെക്ക് നമ്പർ 437859/23-10-2001 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തിരികെ നല്കിയതായി പറയുന്നുണ്ടെങ്കിലും തെളിവിലേക്കായി ക്യാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങിയ സ്ഥലം മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയോ എന്നതിന് വ്യക്തമായ രേഖകളില്ല. ഈ സ്ഥലത്ത് ഭവന നിർമ്മാണത്തിനായി ബാങ്കിന് നല്കിയ 1,26,000 രൂപ 9 ഗുണഭോക്താക്കൾക്ക് 14,000 രൂപ വീതം വിതരണം ചെയ്തതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ 4 പേർ മാത്രമാണ് ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നത്.

**തുടർശിപാർശ**

**2.3.4. രേഖകൾ അടിയന്തരമായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും**

### ഖണ്ഡിക നമ്പർ 4

### ശിപാർശ

3.1.1 ഓഡിറ്റ് പരാമർശം വരുന്ന മുറയ്ക്ക് കൃത്യമായ മറുപടി കൊടുക്കുകയും അതിന്മേൽ തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുകയാണെങ്കിൽ ഇത്തരത്തിലുള്ള ഒരു സ്ഥിതി വിശേഷം ഉടലെടുക്കുകയില്ലെന്നും, മാറിമാറി വരുന്ന സെക്രട്ടറിമാർ ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി കൊടുക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്യിട്ടില്ലെന്നുള്ളത് വളരെ ഗുരുതരമായ പ്രശ്നമാണെന്നും, ഇത്തരം സാഹചര്യങ്ങളിൽ വകുപ്പുതലത്തിലുള്ള കൃത്യമായ നിരീക്ഷണവും മേൽനോട്ടവും ആവശ്യമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.1.2 എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും, വസ്തുനിഷ്ഠവും, അന്തിമവുമായ മറുപടി ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട പ്രൊഫോമയിൽ, നിശ്ചിത സമയപരിധിക്കുള്ളിൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന കർശന നിർദ്ദേശം ഈ വകുപ്പിന്റെ 55505/എസി1/08/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം III)

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.1.3 തദ്ദേശസ്വയംഭരണ (എസി) വകുപ്പ് 2-4-2013-ൽ ഇതുമായി ബന്ധപ്പെട്ട് 55505/എസി1/08/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഓഡിറ്റ് പരാമർശ വിഷയങ്ങളിൽ മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട തുടർനടപടികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശ വിഷയം അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഒഴിവാക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 15

### ശിപാർശ

3.2.1 പണം വകമാറ്റി ചെലവഴിച്ചതിനും പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക കൊടുത്തതിനും അംഗീകാരം വാങ്ങാൻ ശ്രമിച്ചിട്ടില്ലെന്ന് മാത്രമല്ല ചെലവുകൾ സാധൂകരിക്കത്തക്കവിധത്തിൽ രേഖകൾ എഴുതി സൂക്ഷിച്ചിട്ടുമില്ല ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലെ ഭരണാധികാരികൾക്ക് സംഭവിച്ച ഗുരുതരമായ പാളിച്ചയാണിതെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതി ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ വകുപ്പുതലത്തിൽ കർശന നിർദ്ദേശം നൽകുന്നതോടൊപ്പം ആഡിറ്റ് തടസ്സം ഒഴിവാക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.2.2 വർക്കിന്റെ കൺവീനർ ശ്രീ. പോൾ എം.കെ., മംഗലൻ വീട്, മാള പി.ഒ. ഹൈക്കോടതിയിൽ നിന്നും നേടിയ ഉത്തരവ് WP(C) 838/05 പ്രകാരം ഫൈനൽ ബിൽ തുക അനുവദിക്കുകയുണ്ടായി. ഓഡിറ്റ് തടസ്സത്തെ തുടർന്ന് ഇഷ്ടിക ഉപയോഗിച്ച് ചുമർ നിർമ്മിച്ചതിന്റെയും, വൈറ്റ് ടൈൽസ് വാങ്ങിയതിന്റെയും വകയിൽ (48417+12900) ആകെ 61317 രൂപ കിഴിവ് ചെയ്താണ് ഫൈനൽ ബിൽ നൽകിയതെന്നും, ആയതിനാൽ ഈ പരാമർശം ഒഴിവാക്കി തരുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.2.3 തുക വകമാറ്റി ചെലവഴിച്ചതിന് ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ് എന്ന് അഭിപ്രായപ്പെടുന്നു.

### സമിതി ആരാഞ്ഞ അധിക വിവരം

3.2.4 തുക വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയതിന് ശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച അധിക വിവരം

3.2.5 പണം വകമാറ്റി ചെലവഴിച്ചതിനും പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക കൊടുത്തതിനും സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.2.6 മാള ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് പണം വകമാറ്റി ചെലവഴിച്ചതിനും പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക കൊടുത്തതിനും സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 17-7-2018-ലെ സാധാരണ യോഗത്തിലെ II(4)-ാം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സാധൂകരണം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ അസി. ഡെവലപ്മെന്റ് കമ്മീഷണറോട് 27-7-2018-ലെ സി.1361/18 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. സർക്കാർ സാധൂകരണം ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഖണ്ഡിക നമ്പർ 21

ശിപാർശ

3.3.1 പ്രോജക്ടിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും തന്നെ പാലിക്കാതെ പദ്ധതിക്കാവശ്യമായ പണം അനവസരത്തിൽ കൈമാറ്റം ചെയ്യുവഴി ധനദുർവിനിയോഗം ചെയ്യുതിന്റെ ഉത്തമ ഉദാഹരണമാണ് മേൽ സൂചിപ്പിച്ച ആഡിറ്റ് പരാമർശമെന്ന് സമിതി വിലയിരുത്തുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2. മാള ഗ്രാമപഞ്ചായത്ത് 4,25,000 രൂപ അടങ്കൽ തുക ഉൾപ്പെടുത്തി വിഭാവനം ചെയ്ത തിരുത്തിക്കുളങ്ങര വലിയപറമ്പ് ഹരിജൻ കോളനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തുടർച്ചയായിട്ടാണ് 445 മീറ്റർ പൈപ്പ് ലേയിംഗ് ചെയ്ത് ലിഫ്റ്റ് ഇറിഗേഷൻ കുറേക്കൂടി ഫലവത്താക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയാണ് മേൽ പദ്ധതി നിർവ്വഹണം ആരംഭിച്ചത്. പൈപ്പ് വാങ്ങിയ തുക കിഴിച്ച് ബാക്കി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജനകീയ ഗുണഭോക്തൃ സമിതിയുടെയും പേരിൽ കുഴിവിലശ്ശേരി സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും, ആയതിൽ നിന്ന് 11,000 രൂപ ഗുണഭോക്തൃ സമിതിക്ക് അഡ്വാൻസായി നൽകിയിട്ടുമുണ്ട്. ഗുണഭോക്തൃ സമിതിക്ക് അഡ്വാൻസ് നൽകിയ തുകയ്ക്ക് അവർ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി ചില പ്രാദേശിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ എസ്.സി.ബി.യിൽ ഉണ്ടായിരുന്ന ബാലൻസ് സംഖ്യ പലിശ സഹിതം 26,314 രൂപ 5-9-2011-ന് പിൻവലിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഇത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാകുറിപ്പ്

3.3.3 മേൽ പദ്ധതിക്കാവശ്യമായ പൈപ്പ് വാങ്ങിയതിന് ശേഷം അവശേഷിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, ജനകീയ ഗുണഭോക്തൃ സമിതിയുടെയും പേരിൽ കരുവിലശ്ശേരി സഹകരണ ബാങ്കിൽ നിക്ഷേപിച്ചത് പ്രാദേശിക പരിശോധനാ വേളയിൽ ബോധ്യമായിട്ടുണ്ട്. ഇതിൽ നിന്നും പൈപ്പ് ഇടുന്നതിലേയ്ക്കായി 11,000 രൂപ മുൻകൂർ നൽകിയിരുന്നു. എന്നാൽ ആയതിന്റെ ചെലവ് വിവരങ്ങൾ, എം.ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. പദ്ധതി പ്രദേശം സന്ദർശിച്ചതിൽ സ്ഥാപിക്കാൻ അവശേഷിക്കുന്ന പൈപ്പുകളൊന്നും തന്നെ കണ്ടെത്തിയില്ല. കരുവിലശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ അവശേഷിച്ചിരുന്ന തുക പലിശസഹിതം 26,314 രൂപ 5-9-2011-ലെ 2972 നമ്പർ ചെക്ക് പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയത് കരുവിലശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലെ 2926 അക്കൗണ്ടിൽ വരവ് വച്ചത് പരിശോധനയിൽ ബോധ്യപ്പെട്ടു.

ഖണ്ഡിക നമ്പർ 28

ശിപാർശ

3.4.1 ശ്രീമതി ഖദീജയിൽ നിന്നും 12,000 രൂപ തിരിച്ചുപിടിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തണമെന്നും, ജോയിന്റ് കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ മേൽനോട്ടവും നിർദ്ദേശവും നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.4.2 ശ്രീമതി ഖദീജയിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ പ്രകാരം 12,000 രൂപ (ഡി.ഡി. നമ്പർ 797751 തീയതി 29-7-2008) ഈടാക്കുകയും പ്രസ്തുത സംഖ്യ ഐ.ഐ.വൈ.യുടെ വടക്കാഞ്ചേരി കാനറാ ബാങ്കിലെ അക്കൗണ്ട് 36508-ൽ 4-12-2008-ന് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.4.3 12,000 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കിയത് സെക്യൂരിറ്റി രജിസ്റ്ററിൽ 4-12-2008-ൽ വരവ് വന്നിട്ടുള്ളത് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

ഖണ്ഡിക നമ്പർ 33

ശിപാർശ

3.5.1 വീടുപണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് ധനസഹായം തിരിച്ച് പിടിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വീട് നിർമ്മാണത്തിന് ഗവൺമെന്റ് ഒരു ഏകീകൃത മാതൃകാ പ്ലാൻ ഉണ്ടാക്കി അതിന്റെ സ്റ്റാൻഡേർഡ് റേറ്റും പ്ലാനും അംഗീകരിച്ചുകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.5.2 വീട് നിർമ്മാണത്തിന് ഒരു ഏകീകൃത മാതൃക ഉണ്ടാക്കി അതിന്റെ സ്റ്റാൻഡേർഡ് റേറ്റും പ്ലാനും അംഗീകരിച്ച് കൊടുക്കണമെന്ന സമിതിയുടെ ശിപാർശ താഴെപ്പറയുന്ന കാരണങ്ങളാൽ നടപ്പാക്കാൻ കഴിയില്ല:

1. ഗുണഭോക്താവിന്റെ കൈവശമുള്ള ചെറിയ അളവിലുള്ള ഭൂമിയുടെ ആകൃതിയും കിടപ്പും.

2. ജനങ്ങൾ തിങ്ങിപ്പാർക്കുന്നയിടങ്ങളിൽ ചേർന്നിരിക്കുന്ന മറ്റ് വീടുകളുടെ ജനൽ, കതക്, അടുക്കള എന്നിവയുടെ സ്ഥാനം.

3. പ്രാദേശികമായി ലഭിക്കുന്ന നിർമ്മാണ വസ്തുക്കളുടെ ഉപയോഗം.

IAY വീടുകൾക്ക് ഏറ്റവും കുറഞ്ഞ വിസ്തീർണ്ണവും കൂടിയ വിസ്തീർണ്ണവും മറ്റ് വീടുകൾക്ക് ഏറ്റവും കൂടിയ വിസ്തീർണ്ണവും നിശ്ചയിച്ചിട്ടുണ്ട്.

4. ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പ് ബ്ലോക്കുകൾവഴി സഹായം നൽകിയിരുന്ന വീടുകൾക്ക് കൃത്യമായ മോഡലുകൾ നൽകുകയും അത് ഫലപ്രദമായി നടപ്പാക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.5.3 ആകെയുള്ള 12 ഗുണഭോക്താക്കളിൽ 11 പേരും ഇതിനകം തന്നെ പണി പൂർത്തീകരിച്ചത് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. കൂടാതെ ധനസഹായം കൈപ്പറ്റിയ ഒരു ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിനാൽ നൽകിയ തുക തിരികെ ഈടാക്കി തൃശ്ശൂർ സബ് ട്രഷറിയിൽ അടവാക്കിയതും പ്രാദേശിക പരിശോധനയിൽ ബോധ്യമായിട്ടുണ്ട് എന്ന് അറിയിക്കുന്നു.

## ഖണ്ഡിക നമ്പർ 39

## ശിപാർശ

3.6.1 പ്രസ്തുത പദ്ധതി (മിൽമ-മുറ്റിയാൽ കനാൽ ബണ്ട് റോഡ് നിർമ്മാണം കടത്തുകൂലി അധികം നൽകിയത്) അനുമതി കൂടാതെ ചെയ്തതാണെന്നും കൺവീനറെ സഹായിക്കുക എന്ന ശുദ്ധ ലക്ഷ്യം മുൻനിർത്തിയാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്നും ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിരിക്കുന്നതെന്നതിനാൽ ഇതുമായി ബന്ധപ്പെട്ടവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 ഈ പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന അസി. എഞ്ചിനീയർ ശ്രീമതി എ. ആർ. കാർത്യായനിയിൽ നിന്നും 6,400 രൂപ ഈടാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക ടിയാരിയിൽ നിന്നും ഈടാക്കി 29-4-2014-ൽ ചലാൻ നമ്പർ 91 പ്രകാരം തൃശ്ശൂർ സബ്ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. സമിതിയുടെ ശിപാർശ പ്രകാരം വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് 27-6-2006-ൽ ബി.പി.2036/2000 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിനകം തന്നെ ഇവർ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.6.3 ഈ പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന അസി. എഞ്ചിനീയർ ശ്രീമതി എ. ആർ. കാർത്യായനി 6,400 രൂപ 28-4-2014-ലെ 31/244 നമ്പർ രസീത് പ്രകാരം അടവാക്കിയ കാര്യം പരിശോധിച്ച് ബോധ്യപ്പെട്ടു. വകുപ്പുതല നടപടികൾക്കായി വകുപ്പ് മേധാവിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

ഖണ്ഡിക നമ്പർ 47

ശിപാർശ

3.7.1 ഡി.എൽ.ഇ.സി. അംഗീകരിച്ച ശരാശരി കൺവേയൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം മണ്ണ് ഫില്ലിംഗ് നടത്തുന്നതിന് യഥാർത്ഥ ലോറി ലീസ് അനുവദിച്ചിട്ടുണ്ടെന്നും മരാമത്ത് വേലകൾക്ക് അധിക നിരക്ക് നൽകിയതുമായി ബന്ധപ്പെട്ട് നാല് ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടെ എല്ലാ ഫയലുകളും സാങ്കേതിക വിവരങ്ങളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഒരാഴ്ച്ചയ്ക്കുള്ളിൽ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.7.2 നാല് പ്രവൃത്തികളിൽ, വെള്ളനിക്കോട്-മരോട്ടിച്ചാൽ റോഡ്-തുക നൽകിയതിലെ അപാകത എന്ന പരാമർശത്തിന്, ഈ ഓഫീസിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 15-1-2002-ലെ എൽ.എഫ്.11-1462/01 കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. പനഞ്ചകം ബണ്ട്, പുത്തൻകോട്ട ബണ്ട് പുനരുദ്ധാരണം, മുട്ടിക്കൽ മരോട്ടിച്ചോട് റോഡ് എന്നീ പ്രവൃത്തികളെ സംബന്ധിച്ച് പരാമർശ പ്രകാരം ചുമത്തിയ സർചാർജ് ഈ കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ഡി. ഗോവിന്ദൻ കുട്ടിയുടെ 20-1-2006-ലെ ഡി.പി.എം.ടി/ടി.എസ്.എസ്.ആർ/910/01 നമ്പർ കത്ത്

പ്രകാരം അധിക നിരക്ക് നൽകിയതിന് ഉത്തരവാദി ഓഡിറ്റ് കാലയളവിലെ എഞ്ചിനീയറാണെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറായിരുന്ന ശ്രീമതി എ. ആർ. കാർത്യായനിക്ക് ഓഡിറ്റിൽ പരാമർശിക്കപ്പെട്ട അധിക തുക 32,462 രൂപ തിരിച്ചടയ്ക്കാൻ 6-2-2006-ലെ ബി.പി.2036/2000 രജിസ്റ്റേർഡ് കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. കൂടാതെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 14-6-2006-ൽ ഈ ഓഫീസിലെ ബി.പി.2036/2000 നമ്പർ കത്ത് പ്രകാരം ഫയലുകളും ബന്ധപ്പെട്ട രേഖകളും വീണ്ടും പരിശോധിക്കുന്നതിനായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ആയതിന് ഡെപ്യൂട്ടി ഡയറക്ടറുടെ, 23-9-2006-ലെ എൽ.എഫ്.ടി.എസ്. 4440/04 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.7.3 ഉത്തരവാദികളിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21-8-14-ലെ 22512/എ.സി.2/11/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം മണ്ണിട്ട് നികത്തുന്ന പ്രവൃത്തികൾക്ക് ഒരു ലീഡും ലിഫ്റ്റും കുറക്കേണ്ടതില്ല എന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 6-1-2005-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ ആയതിന് മുൻകാല പ്രാബല്യവും നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 54</u>

<u>ശിപാർശ</u>

3.8.1 കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശ സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തി സമിതിക്ക് ഒരു റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും തുക വസൂലാക്കാൻ ഇനിയും കാലതാമസമുണ്ടാവുകയാണെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 1999-2000 വർഷത്തെ ഭൂരഹിത ഭവന രഹിത പട്ടികജാതി കുടുംബ പുനരധിവാസ പദ്ധതി പ്രകാരം ശ്രീ. ഷാജി, s/o പുരുഷൻ, പയ്യപ്പിള്ളി വീട്, അഴീക്കോട് പി. ഒ. എന്നയാൾക്ക് 15,000 രൂപ 3 സെന്റ് സ്ഥലം വാങ്ങാനാണ് അനുവദിച്ചത്. ആ സമയത്ത് ടിയാന്റെയും, അമ്മയുടെയും മറ്റ് സഹോദരങ്ങളുടെയും കൂട്ടവകാശത്തിൽ 3 സെന്റ് സ്ഥലം ഉണ്ടായിരുന്നു. ശ്രീ. ഷാജി വിവാഹിതനായിരുന്നെങ്കിലും വിവാഹം രജിസ്റ്റർ

ചെയ്യപ്പെടാൻ വൈകിയതിനാൽ ടിയാനെ ഓഡിറ്റ് വിഭാഗം അനർഹനായി കണ്ടെത്തി. പിന്നീട് 2 വർഷത്തിന് ശേഷം ശ്രീ. ഷാജിയ്ക്ക് 50,000 രൂപ വീട് വയ്ക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ളതും, ഷാജി വീട് വച്ച് കുടുംബസമേതം താമസിച്ച് വരുന്നതുമാണ്. 23-12-2010-ൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് വിവരങ്ങൾ കാണിച്ച്, ഷാജി സമർപ്പിച്ച അപേക്ഷ, 29-12-2010-ലെ പുറത്തെഴുത്ത് മുഖേന റവന്യൂ റിക്കവറി വിഭാഗം ഡെപ്യൂട്ടി കളക്ടർ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയ്ക്ക് റവന്യൂ റിക്കവറി നടപടി ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അയച്ചതന്നിട്ടുണ്ട്. മറ്റ് നടപടികൾ ഒന്നും തന്നെ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ലെന്നും, സാങ്കേതിക കാരണങ്ങളാൽ മാത്രം അനർഹനാണെന്ന് വന്ന ശ്രീ. ഷാജിക്കെതിരായുള്ള റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതാണ് ഉചിതമെന്നും ആയതിന് വേണ്ട ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.8.3 പട്ടികജാതി ഭവന രഹിത കുടുംബ പുനരധിവാസ പദ്ധതിയിൽ നിന്നും 15,000 രൂപ അനർഹമായി കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്നും തുക വസൂലാക്കിയിട്ടില്ല. ജില്ലാ കളക്ടർക്ക് ശ്രീ. ഷാജി നൽകിയ അപേക്ഷ പ്രകാരം ബഹുമാനപ്പെട്ട ഡെപ്യൂട്ടി കളക്ടർ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നത് പരിഗണിക്കുവാൻ 29-12-2010-ൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു. എന്നാൽ ടി വിഷയത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

<u>ഖണ്ഡിക നമ്പർ 61</u>

<u>ശിപാർശ</u>

3.9.1 പ്രോജക്ടുകൾക്ക് മുൻകൂറായി തുക നൽകുകയും എന്നാൽ യഥാസമയം പ്രോജക്ടുകൾ നടപ്പിലാക്കാതിരിക്കുകയും ചെയ്തതുകാരണം ലക്ഷ്യമിട്ട കാലയളവിനുള്ളിൽ ഭൗതിക നേട്ടം ഉദ്ദേശിച്ച രീതിയിൽ കൈവരിക്കാനായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാത്തതിലും തുക വിതരണം ചെയ്തപ്പോൾ ഉണ്ടായ വീഴ്ചയിലും ഉത്തരവാദികളായവരെ കണ്ടെത്തി അവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.2 ഈ വിഷയത്തെ സംബന്ധിച്ച് 2007 ജൂലൈ 10, 11, 12 തീയതികളിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 2 ഓഡിറ്റർമാർ പ്രസ്തുത പ്രശ്നത്തെ കുറിച്ച് വിശദമായി പരിശോധിക്കുന്നതിനായി ചാലക്കുടി മൃഗാശുപത്രിയിൽ വരികയും എല്ലാ

രേഖകളും പരിശോധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 5-11-2008-ലെ യോഗം സീനിയർ വെറ്ററിനറി സർജൻ, ഡോ. കെ. എസ്. ബാലചന്ദ്രൻ നായരുടെ അപേക്ഷ പരിഗണിക്കുകയും ഖണ്ഡിക 61-ലെ ശിപാർശ ഒഴിവാക്കുകയും ചെയ്തതായി 22-11-2008-ലെ 774/എൽ.എഫ്.എ.സി.ബി1/ലെജി. നമ്പർ കത്ത് പ്രകാരം ഈ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.9.3 തുടർ നടപടി ആവശ്യമില്ല.

ഖണ്ഡിക നമ്പർ 65, 66

ശിപാർശ

3.10.1 ഒരു ബ്ലോക്കിലെ പദ്ധതിക്ക് വർക്ക് മെഷർമെന്റ് നടത്തി ഫൈനൽ ബിൽ ആകുന്നതിന് മുൻപ് മുഴുവൻ പണം കൊടുത്ത സ്ഥിതിവിശേഷമാണിതെന്നും ഇക്കാര്യത്തിൽ സെക്രട്ടറി നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് പരാമർശത്തിന് ശേഷം തുടർന്ന് വന്ന ഉദ്യോഗസ്ഥർ ആരും തന്നെ യാതൊരു തുടർ നടപടിയും സ്വീകരിച്ചില്ലെന്നത് കുറ്റകരമായ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. ഈ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കി ശേഷിക്കുന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 1997-98 വർഷം ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ എലിഞ്ഞിപ്ര പി.എച്ച്. സെന്ററിന്റെ പേവാർഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയായ 3,00,000 രൂപ 3/98-ൽ മെഡിക്കൽ ഓഫീസറുടെ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. മെഡിക്കൽ ഓഫീസർ ടി തുക മൂന്നു ഘട്ടങ്ങളിലായി കൺവീനർ ശ്രീ. എം. ആർ. ലാസർ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവുകൾ രേഖപ്പെടുത്തിയപ്പോൾ ആകെ പ്രവൃത്തി മൂല്യം 2,61,139 രൂപ ആയതിനാൽ ബാക്കി തുക പലിശയടക്കം റവന്യൂ റിക്കവറിക്ക് മെഡിക്കൽ ഓഫീസറുടെ അപേക്ഷ പ്രകാരം തഹസിൽദാർ നടപടി സ്വീകരിച്ചുവെങ്കിലും കൺവീനർ ഹൈക്കോടതിയിൽ നിന്നു ഡബ്ല്യൂ.പി.സി.7205/08 തീയതി 29-2-2008 പ്രകാരം പണം ഈടാക്കാനുള്ള തുടർനടപടികൾ സ്റ്റേ ചെയ്യുകയും ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ

മെഡിക്കൽ ഓഫീസർ ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചുവെങ്കിലും 5-3-2018-ന് ഹൈക്കോടതി കൺവീനർക്ക് അനുകൂലമായി വിധി കൈക്കൊണ്ടിട്ടുള്ളതാണ്. വിധിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം 4)

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.10.3 കൺവീനർക്ക് അനുകൂലമായ ഹൈക്കോടതി വിധിയുടെ പകർപ്പ് പരിശോധനകൾക്ക് ഹാജരാക്കിയിട്ടുണ്ട്. WP (C) No.7205/08 തീയതി 5-3-2018 പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് പരിഗണിക്കാതെ മൂല്യനിർണ്ണയം മാത്രം അടിസ്ഥാനപ്പെടുത്തിയാണ് തുക തിരികെ ഈടാക്കുന്നതിന് ശ്രമിച്ചതെന്നും, ടി നടപടി റദ്ദാക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ട് ബഹു. ഹൈക്കോടതി കൺവീനർക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചിരിക്കുകയാണ്.

<u>ഖണ്ഡിക നമ്പർ 71</u>

<u>ശിപാർശ</u>

3.11.1 1997-98-ലെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട ഇരട്ടച്ചിറ സൈഡ് കെട്ടി സംരക്ഷിക്കൽ പ്രവൃത്തിക്കായി തുക മുൻകൂറായി നൽകുകയും തുടർന്ന് പണി നടക്കാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതിക്ക് ഇത് സംബന്ധിച്ച കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കുകയും ചെയ്തതിന് ശേഷം 2001 ജനുവരിയിൽ മാത്രമാണ് പണികൾ ആരംഭിച്ചത്. ഇപ്രകാരം പദ്ധതി പൂർത്തിയാക്കാൻ മൂന്നുവർഷത്തെ കാലതാമസം നേരിട്ടതിന് കാരണക്കാരായവർക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 ടി പ്രവൃത്തിക്ക് 2,50,000 രൂപയുടെ ഭരണാനുമതി 6-10-1997-ൽ ലഭിക്കുകയും 16-10-1997-ൽ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ കൺവീനറായി ശ്രീ. ടി. വി. രാമകൃഷ്ണൻ, തെക്കേകുടി വീട്, നാലുകെട്ട് എന്നയാളെ തെരഞ്ഞെടുക്കുകയും ടിയാൻ 11-12-1997-ൽ എഗ്രിമെന്റിലേർപ്പെടുകയും ചെയ്തു. കൺവീനർ ശ്രീ. ടി. വി. രാമകൃഷ്ണന് 23-3-1998-ൽ 50,000 രൂപ അഡ്വാൻസായി അനുവദിക്കുകയും ചെയ്തു. ടിയാൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ 28-3-1998, 1-8-1999, 24-5-1999, 9-8-1999, 27-11-2000 തീയതികളിലെ കത്തുകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. കൺവീനർക്ക് അഡ്വാൻസ് ഇനത്തിൽ 2-3-2001-ലെ 175691 നമ്പർ ചെക്ക് പ്രകാരം 75,000 രൂപയും അനുവദിച്ചിരുന്നു. ഫൈനൽ ബില്ലിനത്തിൽ 2,24,329 രൂപ പാസ്സാക്കുകയും കൺവീനർക്ക്

സംഖ്യ അനുവദിക്കുന്നതിന് ഗവൺമെന്റ് ടാക്സുകൾ കിഴിച്ച് 84,524 രൂപ മോണിറ്ററിംഗ് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൺവീനർക്ക് അനുവദിക്കുകയും ചെയ്തു. പ്രവൃത്തി നിർവ്വഹിക്കാൻ കരാറെടുത്ത ഗുണഭോക്തൃ സമിതിയുടെ വീഴ്ചമൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെങ്കിലും പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ഉത്തരവാദികളാണ്. മേൽ കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം താഴെ ചേർക്കുന്നു:

3.11.3 24-3-1998 മുതൽ 23-4-1998 വരെ-(Late) ശ്രീ. എൻ. മോഹനൻ പിള്ള, 24-4-1998 മുതൽ 18-6-1998 വരെ-ശ്രീ. എം. ജയന്തൻ, 19-6-1998 മുതൽ 12-10-1998 വരെ-(Late) ശ്രീ. എൻ. മോഹനൻ പിള്ള, 13-10-1998 മുതൽ 27-1-1999 വരെ-ശ്രീ. എം. കെ. അലക്സ്, 28-1-1999 മുതൽ 2-4-2000 വരെ-(Late) ശ്രീ. എൻ. മോഹനൻപിള്ള, 3-4-2000 മുതൽ 30-11-2000 വരെ-ശ്രീമതി കെ. ഗോമതി അമ്മാൾ, 1-12-2000 മുതൽ 25-3-2001 വരെ-ശ്രീ. പി. കെ. സുതൻ, 26-3-2001 മുതൽ 23-5-2001 വരെ-ശ്രീ. കെ. രവീന്ദ്രൻ, 24-5-2001 മുതൽ 23-6-2001 വരെ-ശ്രീ. പി. എ. ജേക്കബ്ബ്, 24-6-2001 മുതൽ 10-9-2001 വരെ-ശ്രീ. കെ. രവീന്ദ്രൻ.

3.11.4 മേൽ പട്ടികയിലെ ഉദ്യോഗസ്ഥരിൽ പലരും ഉദ്യോഗത്തിൽ നിന്ന് വിരമിച്ച് കഴിഞ്ഞതിനാൽ ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സാധ്യമല്ലാത്തതിനാലും പ്രവൃത്തി തൃപ്തികരമായി പിന്നീട് പൂർത്തീകരിച്ചതിനാലും ശിക്ഷാ നടപടിക്കുള്ള ശിപാർശ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.11.5 പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ടി. വി. രാമകൃഷ്ണനുമായി 12/97-98 നമ്പരായി 11-12-1997-ൽ ഒപ്പുവച്ച കരാറിൽ പൂർത്തീകരണ കാലാവധി ഉൾക്കൊള്ളിച്ചിട്ടില്ല. കൺവീനർക്ക് ആകെ 1,25,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനർക്ക് 28-3-1998, 11-8-1998, 24-5-1999, 9-8-1999, 29-11-2000 തീയതികളിൽ കത്തയച്ചിട്ടുണ്ട്. 2001 മാർച്ച് 31-നകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കൺവീനർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ 9-10-2000-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഗ്രാമവികസന കമ്മീഷണർക്ക് അയച്ച 23-7-2018-ലെ ഡി.1402/2010 നമ്പർ കത്തിൽ കൺവീനറുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ട് കരാർ കാലാവധി നീട്ടിക്കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് രേഖ ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ആയതുപ്രകാരം കൺവീനർക്ക് ആകെ 2,24,329 രൂപ അനുവദിക്കുകയും മുൻകൂർ നികുതികൾ എന്നിവ കിഴിച്ച് 84,524 രൂപ മോണിട്ടറിങ്ങ് സമിതിയുടെ ശിപാർശയുടെ

അടിസ്ഥാനത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവ് പുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഹാജർ പുസ്തകം, ഇൻകംബൻസി രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ച് അവസാനിക്കുന്നതുവരെയുള്ള കാലയളവിലെ സെക്രട്ടറിമാരുടെ വിശദാംശങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 80

ശിപാർശ

3.12.1 കോ-ഓപ്പറേറ്റീവ് ബാങ്കുകൾ ഇത്തരം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി വരുന്നത് ക്രമവിരുദ്ധമാണെന്നും സർവ്വീസ് സഹകരണ സ്ഥാപനങ്ങളെ ഒരിക്കലും ആ പട്ടികയിൽപ്പെടുത്താൻ പാടില്ലെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.12.2 കോ-ഓപ്പറേറ്റീവ് ബാങ്കുകളെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.12.3 (1) മൂന്നാംകാട് കെട്ടുചിറ സ്ലൂയിസ് കം ബ്രിഡ്ജ് എന്ന പദ്ധതിക്കായി വള്ളിവട്ടം സർവ്വീസ് സഹകരണ ബാങ്കിനെ നിർവ്വഹണ ഏജൻസിയാക്കുകയും 20,43,000 രൂപ ബാങ്കിന് കൈമാറുകയും ആയതിൽ നിന്നും 3,27,600 രൂപ SILK-ന് നല്കി. അവശേഷിച്ച 17,15,400 രൂപയും പലിശ 1,97,778 രൂപയും അടക്കം 19,13,188 രൂപയിൽ നിന്ന് കളക്ഷൻ ചാർജ് 5,784 രൂപ കഴിച്ച് ബാക്കി 19,07,404 രൂപ ചലാൻ നമ്പർ3/24-11-2001 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ അടവാക്കിയതായി പറയുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച ഫയൽ, ജനറൽ പി.ഡി. പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(2) മുഴവഞ്ചേരി തുരുത്തിൽ പാലം നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി എടതിരിഞ്ഞി സർവ്വീസ് സഹകരണ ബാങ്കിന് 12,00,000 രൂപ നല്കി. 2,91,000 രൂപ ചെലവ് ചെയ്തു. ബാക്കി 9,09,000 രൂപയും പലിശയുമടക്കം 9,93,991 രൂപ ചലാൻ നമ്പർ 1651/13-11-2001(543991 രൂപ) ചലാൻ നമ്പർ 247/22-3-2002(4,50,000 രൂപ) എന്നിവ പ്രകാരം തിരികെ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കി. ട്രഷറി ഓഫീസർ ഒപ്പുവച്ച പാസ്സ് ബുക്കിന്റെ ഫോട്ടോ കോപ്പി ഫയലിൽ ഉണ്ട്. ആയതിൽ ടി തുക വരവ് വച്ചിട്ടുണ്ട്. എന്നാൽ ജനറൽ പി.ഡി.ക്യാഷ് ബുക്ക്, ഒറിജിനൽ ട്രഷറി പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(3) വെളുക്കര പഞ്ചായത്തിലെ 9 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4 സെന്റ് ഭൂമി വീതം ലഭ്യമാക്കി ഈ ഭൂമിയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ

സഹായത്തോടുകൂടി വീട് നിർമ്മിച്ച് നല്കുന്നതിന് കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്കിനെ നിർവ്വഹണ ഏജൻസിയാക്കി 1998-99-ൽ സ്ഥലം വാങ്ങുന്നതിന് 2,50,000 രൂപയും 1999-2000-ത്തിൽ ഭവന നിർമ്മാണത്തിന് 1,26,000 രൂപയും നല്കി. 2,42,855 രൂപ നല്കി കല്ലംകുന്ന് ദേശത്ത് സർവ്വേ നമ്പർ 505/2-ൽ കൈതയിൽ കേളു മകൻ സുബ്രഹ്മണ്യനിൽ നിന്നും 50 സെൻറ് സ്ഥലം വാങ്ങി. ബാക്കി വന്ന 7145 രൂപ ചെക്ക് നമ്പർ 437859/23-10-2001 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തിരികെ നല്കിയതായി പറയുന്നുണ്ടെങ്കിലും തെളിവിലേക്കായി ക്യാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങിയ സ്ഥലം മുഴുവൻ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയോ എന്നതിന് വ്യക്തമായ രേഖകളില്ല. ഈ സ്ഥലത്ത് ഭവന നിർമ്മാണത്തിനായി ബാങ്കിന് നല്കിയ 1,26,000 രൂപ 9 ഗുണഭോക്താക്കൾക്ക് 14,000 രൂപ വീതം വിതരണം ചെയ്തതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ 4 പേർ മാത്രമാണ് ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നത്.

## സമിതി ആരാഞ്ഞ അധിക വിവരം

3.12.4 രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാരിൽ നിന്നും ലഭിച്ച അധിക വിവരം

3.12.5 ടി ഖണ്ഡികകളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഉൾപ്പെടുന്ന ഫയലുകളുടെ പകർപ്പ് ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ എന്ന സ്ഥാപനത്തിലേക്ക് 4-8-2018-ന് സമർപ്പിച്ചിട്ടുള്ളതാണ്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.12.6 ടി പദ്ധതിക്കുവേണ്ടി വള്ളിവട്ടം സർവ്വീസ് സഹകരണ ബാങ്കിന് നൽകിയ 20,43,000 രൂപയിൽ 3,27,600 രൂപ പ്രോജക്ട് തയ്യാറാക്കൽ, മണ്ണ് പരിശോധന, സർവ്വേ എന്നീ ആവശ്യങ്ങൾക്കായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് (SILK) കൈമാറിയ രേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. മണ്ണ് പരിശോധന, സർവ്വേ, എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ SILK നടത്തിയതായി പറയുന്നുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. SILK-ന് നൽകിയ തുക കിഴിച്ച് ബാക്കി 17,15,400 രൂപ പലിശയടക്കം ആകെ 19,13,188 രൂപ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും കളക്ഷൻ ചാർജ് 5,784 രൂപ കുറച്ച് 19,07,404 രൂപ പി. ഡി. അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.*

തിരുവനന്തപുരം,
2019 ജൂലൈ 2.

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2.1.5 | തദ്ദേശസ്വയംഭരണ വകുപ്പ് | വിജിലൻസ് റിപ്പോർട്ടിലെ ശിപാർശ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | 2.2.7 | തദ്ദേശസ്വയംഭരണ വകുപ്പ് | ഗുണഭോക്തൃ സമിതിക്ക് അഡ്വാൻസായി നൽകിയ 11,000 രൂപ വിനിയോഗിച്ചതിന്റെയും തുക തിരിച്ചടച്ചതിന്റെയും രേഖകൾ ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 3 | 2.3.4 | തദ്ദേശസ്വയംഭരണ വകുപ്പ് | രേഖകൾ അടിയന്തരമായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം-II

### ഇൻസ്പെക്ഷൻ റിപ്പോർട്ട്

1. സമഗ്ര കൃഷി വികസന പദ്ധതിയായ മൂന്നാംകാട് കെട്ടുചിറ

വെള്ളാങ്ങല്ലൂർ ബ്ളോക്ക് പഞ്ചായത്തിന്റെ സമഗ്ര കൃഷി വികസന പദ്ധതിയായ മൂന്നാംകാട് കെട്ടുചിറ പദ്ധതി പൂമംഗലം - പടിയൂർ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പ്രദേശം വെള്ളകെട്ട് ഒഴിവാക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വിഭാവനം ചെയ്തിരുന്നു. 29/3/1999 ൽ ചേർന്ന ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാന പ്രകാരം നിർവ്വഹണ ഏജൻസിയായ വള്ളിവട്ടം സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തി ഇതിന്റെ പ്രാഥമിക പരിശോധന, മണ്ണ് പരിശോധന, സർവ്വേ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി സ്റ്റീൽ ഇന്ത്യാ ലിമിറ്റഡ് കേരള-യെ കൺസൾട്ടൻസി ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നു. ഇതിലേയ്ക്കായി 10,43,000/- രൂപ (പത്ത് ലക്ഷത്തി നാല്പത്തി മൂവ്വായിരം രൂപ മാത്രം) 31/3/1999 ൽ ബ്ളോക്ക് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കിലേയ്ക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. SILK മായി 30/3/1999 ൽ വെച്ച എഗ്രിമെന്റ് പ്രകാരം മണ്ണു പരിശോധന, സർവ്വേ, എസ്റ്റിമേറ്റ് എന്നിവ SILK നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയ്ക്കും സർവ്വീസ് സഹകരണ ബാങ്കിനും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19/4/1999 ൽ 2,62,060/- രൂപയും (രണ്ടു ലക്ഷത്തി അറുപത്തിരണ്ടായിരത്തി എൺപത് രൂപ മാത്രം) 14/1/2000 ൽ 32,400/- രൂപയും (മുപ്പത്തി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) 7/6/2000 ൽ 33,120/- രൂപയും (മുപ്പത്തി മൂവ്വായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപ മാത്രം) ആകെ 3,27,600/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അറുന്നൂറ് രൂപ മാത്രം) സർവ്വീസ് സഹകരണ ബാങ്ക് SILK ന് കൈമാറിയിട്ടുണ്ട്. തുടർന്ന് 31/3/2000 ൽ മേൽ പ്രവൃത്തിയ്ക്കായി ബ്ളോക്ക് പഞ്ചായത്ത് 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) കൂടി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. പിന്നീട് ഈ പ്രവൃത്തി സർക്കാർ നിർദ്ദേശ പ്രകാരം നിർത്തിവെയ്ക്കുകയും പദ്ധതിയ്ക്കായി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയ 20,43,000/- രൂപയിൽ ( ഇരുപത് ലക്ഷത്തി നാല്പത്തി മൂവ്വായിരം രൂപ മാത്രം) പ്രാരംഭ നടപടികൾക്ക് SILK ന് നൽകിയ 3,27,000/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരം രൂപ മാത്രം) കിഴിച്ച് 17,15,400/- രൂപയും (പതിനേഴ് ലക്ഷത്തി പതിനയ്യായിരത്തി നാനൂറ് രൂപ മാത്രം) പലിശയിനത്തിൽ 1,97,758/- രൂപയും (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) കൂടി ആകെ 19,13,188/- രൂപ (പത്തൊമ്പത് ലക്ഷത്തി പതിമൂവ്വായിരത്തി ഒരുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) സർവ്വീസ് സഹകരണ സംഘം ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ടി തുകയിൽ 5,784/- രൂപ (അയ്യായിരത്തി എഴുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) കളക്ഷൻ ചാർജ്ജിനത്തിൽ ബാങ്ക് കുറവ് ചെയ്യുകയും ബാക്കി തുകയായ 19,07,404/- രൂപ (പത്തൊമ്പത് ലക്ഷത്തി ഏഴായിരത്തി നാനൂറ്റി നാല് രൂപ മാത്രം) ബ്ളോക്ക് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ ചലാൻ നമ്പർ 3 പ്രകാരം 24/11/2001 ന് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ, നിർവ്വഹണ ഏജൻസിയായി വള്ളിവട്ടം സർവ്വീസ് സഹകരണ ബാങ്കിനെ നിയമിച്ചത് ക്രമവിരുദ്ധമാണെന്ന് കണ്ടെത്തി. മേൽ വിഷയം അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

അസി.ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
തൃശൂർ

## 2. മഴുവൻഞ്ചേരി തുരുത്ത്പാലം

29/3/1999 ലെ 6-ാം നമ്പർ തീരുമാനപ്രകാരം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ പദ്ധതി വിഹിതവും 20 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത വിഹിതവുമായി മഴുവൻഞ്ചേരി തുരുത്ത് പാലം നിർമ്മിക്കാൻ ഭരണാനുമതി നൽകി. ടി പ്രൊജക്ട് നടപ്പിലാക്കുന്നതിന് മണ്ണു പരിശോധന, സൈറ്റ് പ്ലാൻ, സ്കെച്ച്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി SILK നെ ചുമതലപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി എടതിരിഞ്ഞി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ഇതിലേയ്ക്കായി 31/3/1999 ൽ 3 ലക്ഷം രൂപ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായി. തുടർന്ന് 28/3/2000 ൽ 9 ലക്ഷം രൂപ കൂടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുള്ളതാണ്. 30/3/1999 ലെ SILK മായുള്ള എഗ്രിമെന്റ് പ്രകാരം എസ്റ്റിമേറ്റ്, മറ്റു അനുബന്ധ രേഖകളും തയ്യാറാക്കുന്നതിലേയ്ക്കായി 1,81,650/-രൂപക്ക് (ഒരു ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) എഗ്രിമെന്റ് വെച്ചു. തുടർന്ന് ടി പദ്ധതി ടെണ്ടർ ചെയ്യാൻ നിശ്ചയിക്കുകയും ആയതിലേയ്ക്കായി പത്രപരസ്യം നൽകുകയും ചെയ്തിട്ടുള്ളതാണ്. SILK സമർപ്പിച്ച എസ്റ്റിമേറ്റിനും അനുബന്ധരേഖകൾക്കുമായി 11/4/1999 ൽ ചെക്ക് നമ്പർ 56601 പ്രകാരം 1,45,320/- രൂപയും (ഒരു ലക്ഷത്തി നാല്പത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) 14/4/2000 ൽ 56602 ചെക്ക് പ്രകാരം 16,600/- രൂപയും (പതിനാറായിരത്തി അറുന്നൂറ് രൂപ മാത്രം) 1/6/2000 ൽ 56603 ചെക്ക് നമ്പർ പ്രകാരം 19,730/- രൂപയും (പത്തൊമ്പതിനായിരത്തി എഴുന്നൂറ്റി മുപ്പത് രൂപ മാത്രം) ആകെ 1,81,650/- രൂപ (ഒരു ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം SILK ന് അനുവദിച്ചിട്ടുള്ളതാണ്. ടെണ്ടർ പരസ്യം നൽകിയ വകയിൽ പരസ്യകൂലിയിനത്തിൽ മാതൃഭൂമിക്ക് 5,000/- രൂപയും (അയ്യായിരം രൂപ മാത്രം) ദേശാഭിമാനിക്ക് 4,750/- രൂപയും (നാലായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) ആകെ 9,750/- രൂപ (ഒമ്പതിനായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) നൽകിയിട്ടുണ്ട്. തുടർന്ന് 1/8/2000 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ അടിയന്തിര യോഗത്തിൽ ടി പദ്ധതിയുടെ തുടർ പ്രവർത്തനം എന്ന നിലക്ക് 9 ലക്ഷം രൂപ ടി പദ്ധതിയിലേക്ക് പദ്ധതി വിഹിതമായി വകയിരുത്തുന്നതിന് തീരുമാനിച്ചു. എന്നാൽ SILK സമർപ്പിച്ച 23,93,052/-(ഇരുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി അമ്പത്തി രണ്ട് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ഏറ്റെടുത്ത് നടത്തുവാൻ കഴിയുകയില്ലെന്നും മതിലകം പാലം സർക്കാർ ഏറ്റെടുത്ത് പണി ആരംഭിച്ചതിനാലും തുരുത്ത് നിവാസികളുടെ ആവശ്യകത കണക്കിലെടുത്ത് ഇപ്പോൾ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് 14 ലക്ഷം രൂപയ്ക്ക് നടപ്പാലം പണിയാൻ യോഗം തീരുമാനിച്ചു.. 2000-01 ലെ ഇ.എ.എസ്. പദ്ധതി വിഹിതമായി 5 ലക്ഷം രൂപയും പദ്ധതി വിഹിതമായ 9 ലക്ഷം രൂപയും ഉൾപ്പെടുത്തി ടി പദ്ധതിക്ക് ഡി.എൽ.ഇ.സി. 26/1/2001 തിയതിയിലെ 35/2001-02 നമ്പർ പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുള്ളതാണ്. 6/8/2001 ൽ ഗുണഭോക്തൃസമിതി കൂടി, ടി പദ്ധതിയുടെ കൺവീനറായി കെ.കെ. സുബ്രമണ്യൻ എന്ന ആളെ തിരഞ്ഞെടുത്തു. 4/9/2000 ന് എടതിരിഞ്ഞി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് കൺവീനർക്ക് അഡ്വാൻസ് ആയി ഒരു ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടി പ്രവർത്തി 13,99,216/-(പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി ഇരുന്നൂറ്റി പതിനാറ് രൂപ മാത്രം) രൂപക്ക് കൺവീനർ പൂർത്തിയാക്കിയിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കിലേക്ക് നിക്ഷേപിച്ച 12 ലക്ഷം രൂപയിൽ നിന്ന് SILK ന് നൽകിയ 1,81,650/- (ഒരു ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയും ടെണ്ടർ പരസ്യം നൽകിയ വകയിൽ 9,350/- (ഒമ്പതിനായിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയും കൺവീനർക്ക് നൽകിയ 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപയും കിഴിച്ച് 9,09,000/- (ഒമ്പത് ലക്ഷത്തി ഒമ്പതിനായിരം രൂപ മാത്രം) രൂപയും പലിശയിനത്തിൽ ലഭിച്ച 84,991/- (എൺപത്തിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപ കൂടി ചേർത്ത് 9,93,991/-(ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി മൂന്നാ

യിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ബ്ളോക്ക് പഞ്ചായ
ത്തിന് തിരിച്ചു നൽകിയിട്ടുള്ളതാണ്. ആയത് ബ്ളോക്ക് പഞ്ചായത്ത് ജനറൽ പി.ഡി. അക്കൗണ്ടിൽ 13/11/2001 ൽ
651 ചലാൻ നമ്പർ പ്രകാരം 5,43,991/- (അഞ്ച് ലക്ഷത്തി നാല്പത്തി മൂന്നായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി
ഒന്ന് രൂപ മാത്രം) രൂപയും 22/3/2002 ൽ ചലാൻ നമ്പർ 247 പ്രകാരം 4,50,000/-(നാല് ലക്ഷത്തി അമ്പതിനായിര
രൂപ മാത്രം) രൂപയും അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളതാണ്. മേൽ വിഷയങ്ങളിൽ ബ്ളോക്ക് പഞ്ചായത്ത
സെക്രട്ടറിയുടെ വിശദീകരണം നിയമസഭാ സമിതി അംഗീകരിച്ചിട്ടുള്ളതാണ്. മേൽ വിഷയങ്ങൾ അങ്ങയുടെ
അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

(ഒപ്പ്)

അസി.ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
തൃശൂർ

## 3. പട്ടികവർഗ്ഗ പുനരധിവാസം

വെള്ളാങ്ങല്ലൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എസ്.ടി. പുനരധിവാസം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്കിനെ 29/3/1999 ൽ ചേർന്ന ബ്ളോക്ക് പഞ്ചായത്ത് യോഗത്തിലെ 7-ാം നമ്പർ തിരുമാനപ്രകാരം ചുമതലപ്പെടുത്തുകയും, മേൽ പദ്ധതിയുടെ നടത്തിപ്പിനായി 30/3/1999 ലെ 319664-ാം നമ്പർ ചെക്ക് പ്രകാരം 2,50,000/- (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ ബാങ്കിന് കൈമാറി. ബ്ളോക്ക് പഞ്ചായത്തിന്റെ 23/11/1998 ലെ 35-ാം നമ്പർ തിരുമാന പ്രകാരം ശ്രീ. ടി. സുബ്രമണ്യനിൽ നിന്നും സർവ്വേ നമ്പർ 496/2 ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം വാങ്ങുന്നതിനും മേൽ ഭൂമിയുടെ വാല്യൂവേഷൻ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുവാനും തീരുമാനിച്ചു. ജില്ലാ കളക്ടറുടെ ഇ5-11036/99/കെഡിസ് നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം ഭൂമിക്ക് സെന്റിന് 3,750/- (മൂവ്വായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ വില നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമിക്ക് ഉടമ നിശ്ചയിച്ച വില സെന്റിന് 5,500/-(അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയാണെന്നും, ഉടമയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെന്റിന് 4,750/-(നാലായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയ്ക്ക് വാങ്ങുവാൻ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി 13/4/1999 ലെ 10-ാം നമ്പർ തീരുമാന പ്രകാരം തിരുമാനിച്ചു. ഭൂമി വിലയും രജിസ്ട്രേഷൻ ചാർജ്ജും ബാങ്കിന് കൈമാറിയിട്ടുള്ള 2,50,000/- (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയിൽ നിന്നു നൽകുവാനും തീരുമാനിച്ചു. ബാങ്ക് സെന്റിന് 4,750/- (നാലായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപ കണക്കാക്കി 50 സെന്റ് ഭൂമിക്ക് 2,37,500/- (രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ സ്ഥല ഉടമയായ ശ്രീ. ടി. സുബ്രമണ്യൻ ഭാര്യ തങ്കമണി എന്നിവർക്ക് നൽകുകയും 5,855/- (അയ്യായിരത്തി എണ്ണൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം) രൂപ എഴുത്ത് ഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 7,145/- (ഏഴായിരത്തി ഒരുന്നൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) രൂപ ബാങ്ക് 23/10/2001 ലെ ചെക്ക് നമ്പർ 437759 പ്രകാരം ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്. ടി തുക ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ജനറൽ പി.ഡി. അക്കൗണ്ടിൽ 24/11/2001 ലെ ചലാൻ നമ്പർ 2 പ്രകാരം വരവ് വെച്ചിട്ടുള്ളതുമാണ്. മേൽ വിഷയങ്ങൾ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

അസി.ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
തൃശൂർ

<u>അനുബന്ധം-III</u>

കേരളസർക്കാർ

നം.55505/എസി1/08/തസ്വഭവ.

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്,
തിരുവനന്തപുരം, തീയതി:02.04.13.

<u>സർക്കുലർ</u>

വിഷയം:- എൽ.എഫ്.എ.സി - റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നതു -സംബന്ധിച്ച്.

സൂചന:- 25.2.13-ലെ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഇ 2/3443/2008 നമ്പർ കത്ത്.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ടുകൾ, എന്നിവ സംബന്ധിച്ച് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടുകളിന്മേലുള്ള ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക രണ്ടു മാസത്തിനകം സമിതി മുൻപാകെ സമർപ്പിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഒട്ടു മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും വസ്തുനിഷ്ഠവും അന്തിമവുമായ മറുപടി സർക്കാരിൽ നൽകി വരുന്നില്ല. ആയതിനാൽ നിയമസഭാ സമിതിയ്ക്ക് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ മറുപടി നൽകുവാൻ സാധിക്കാതെ വരികയും സമിതി ഇതു സംബന്ധിച്ച് കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു വരുന്നു.

ഈ സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും വസ്തുനിഷ്ഠവും അന്തിമവുമായ മറുപടി ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട പ്രൊഫോർമയിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് വകുപ്പദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തേണ്ടതാണ്.

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.

ഐ ആന്റ് പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

അനുബന്ധം-IV

A.MUHAMED MUSTAQUE, J.

W.P.(C) No.7205 of 2008

Dated this the 5th day of March, 2018

## JUDGMENT

The petitioner was the Convenor of beneficiary committee to construct a pay ward at Primary Health Centre, [illegible]. The sanctioned amount for constructing the pay ward was Rs.3 lakhs. According to the petitioner, he had expended more than Rs.3 lakhs. The work was completed as early as in the year 1999. In this writ petition, the petitioner challenges a demand raised against him. Ext.P6 is the demand. The demand was raised by the Medical Officer in charge of the Primary Health Centre. It is stated in the demand that the petitioner is only entitled to Rs.2,61,139.92 as per the valuation and therefore, the should refund Rs.38,861/- along with interest. The interest is calculated at Rs.1,61,422/-. An agreement was executed on 13.2.1998. The work was completed in the year 1999. It took more than eight years to raise a demand against the petitioner stating that he received [illegible]

excess amount. The valuation as claimed under the bill ought to have been settled within a reasonable time. Moreover, the petitioner produced Ext.P9 statement of accounts. It is clear that the respondents were sleeping over the issue without settling the accounts within a reasonable time. That be so, the petitioner would be deprived of an opportunity to contest the matter after the period of nine years. In a dispute like this nature, essentially, the party must be in a position to explain the nature of claim made against him. It would be impossible a person to explain the accounts after more than eight years.

Taking note of the quality of the order passed, this Court is of the view that the demand is made without verifying the actual expenditure involved and was merely acting upon the valuation. Therefore, the impugned order is set aside.

The writ petition is disposed of as above. No costs.

Sd/-

A.MUHAMED MUSTAQUE, JUDGE

ln

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.